(ഇ) സെക്ഷൻ 143, 147, 148, 448, 352, 332, 427, 506(1), 395 ആർ/ഡബ്ല്യു 149 ഐ.പി.സി. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ 128, 136 ,139 എന്നീ വകുപ്പുകൾ പ്രകാരം.

(എഫ്) കുറ്റകൃത്യങ്ങൾ വ്യത്യസ്ത സ്വഭാവമുള്ളവയായതിനാൽ.

(ജി) അഖിലകക്ഷി സമാധാന യോഗത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് എസ്.പി. ഉറപ്പു നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിവരുന്നു.

## ഭരണാനുമതി നൽകിയ ബോട്ടു ജട്ടികൾ

**65 (66)** ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ, പയ്യന്നൂർ, ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലങ്ങളിലൂടെയുള്ള കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ബോട്ടുജട്ടികൾക്ക് ഭരണാനുമതി നൽകി ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) തൃക്കരിപ്പൂർ, പയ്യന്നൂർ, ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലങ്ങളിലൂടെയുള്ള കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 37 ബോട്ടുജട്ടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിയ 37 ബോട്ടുജട്ടികളിൽ 25 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ചവയിൽ 3 ബോട്ടുജട്ടികളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 3 ബോട്ടുജട്ടികളുടെ നിർമ്മാണത്തിന് വേണ്ടി ടെണ്ടർ ക്ഷണിച്ച് പണി തുടങ്ങുന്നതിനുവേണ്ടിയുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 6 ബോട്ടുജട്ടികൾക്ക് ദർഘാസ് ക്ഷണിക്കേണ്ട ഘട്ടത്തിലാണ്.

## തിരുവനന്തപുരം-ഷൊർണ്ണൂർ ജലപാത വികസനം

**66 (67)** ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-ഷൊർണ്ണൂർ ജലപാത വികസിപ്പിക്കുന്നതിന് എന്തു തുക വേണ്ടി വരുമെന്നും അതിലേക്ക് ഏതെല്ലാം ഏജൻസികളിൽ നിന്നും ഫണ്ട് ലഭ്യമാക്കുമെന്നും എത്ര രൂപ വീതമാണെന്നും വ്യക്തമാക്കാമോ ;

(ബി) ഈ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതെല്ലാം ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly